പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4289

19.10.2011-ൽ മറുപടിയ്ക്ക്

# ഗ്രാമീണ സഡക് യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി സത്യൻ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | ഗ്രാമീണ സഡക് യോജന പി.എം.ജി . എസ്.വൈ.പദ്ധതി പ്രകാരം 2011-12 വർഷത്തിൽ കേന്ദ്ര വിഹിതമായി എത്ര തുകയാണ് ലഭിക്കുന്നത് ; | എ. | ഏഴാം ഘട്ടത്തിന്റെ രണ്ടാമത്തെ ബാച്ചിൽ പ്പെട്ട റോഡുകൾക്കായി 2011-12 സാമ്പത്തിക വർഷം 221 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി. | പ്രസ്തുത പദ്ധതി പ്രകാരം റോഡ് തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏത് കമ്മിറ്റിയാണ് റോഡ് തെരഞ്ഞെടുക്കുന്നത് ; | ബി. | മാർഗ്ഗരേഖ പ്രകാരം മുൻഗണനാ ലിസ്റ്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച മുൻഗണനാ പട്ടിക എം.എൽ.എ.-മാരും എം.പി.-മാരും അടങ്ങുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംസ്ഥാനതല സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുൻപാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. സംസ്ഥാനതല സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തിരുത്തലോടെ വരുന്ന മുൻഗണനാ പട്ടികയിലെ റോഡുകളാണ് തെരഞ്ഞെടുക്കുന്നത്. |
| സി. | എം. എൽ.എ. മാർക്ക് പ്രസ്തുത പദ്ധതിയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിയുമോ ; | സി. | കഴിയും. |
| ഡി | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം, ആറ്റിങ്ങൽ മണ്ഡലത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട നഗരൂർ - ഈരാണിമുക്ക് റോഡ് ,കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മലയാമഠം കടമ്പ്രവാരം റോഡ് ,പഴയ കുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട | ഡി. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കാട്ടുവെട്ടി - കൈലാസം കുന്ന് റോഡ് മുതലായ റോഡുകളുടെ പണി ഇതുവരെ പൂർത്തിയാക്കാതിരുന്നതും ഈ പ്രദേശത്തെ ജനങ്ങൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രക്ഷോഭം ആരംഭിച്ചതും സർക്കാരിന് പരാതി സമർപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| ഇ. | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ എന്താണ് തടസ്സം; വ്യക്തമാക്കാമോ; | ഇ. | നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സമയബന്ധിതമായി ലഭിക്കാത്തതും, നിർമ്മാണ സ്ഥലത്തുള്ള ഇലക്ട്രിക്, ടെലഫോൺ, ജലവിതരണ പൈപ്പുകൾ/കേബിളുകൾ യഥാസമയം മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തതും കരാറുകാരന്റെ അലംഭാവവുമാണ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങൾ. |
| എഫ്. | മേൽപ്പറഞ്ഞ റോഡുകളുടെ കരാറുകാർ ആരൊക്കെയാണ്; എന്തു തുകകൾ വീതമാണ് ഓരോ പദ്ധതിയ്ക്കും അനുവദിക്കപ്പെട്ടിരിക്കുന്നത്; ഇതുവരെ എത്ര തുക വീതം അനുവദിക്കുകയും ചെലവാക്കുകയും ചെയ്തുവെന്ന് വിശദമാക്കാമോ ; | എഫ്. | ഈ വർക്കുകൾ ശ്രീ.എ.മനാഫ് , അൻസിയ കൺസ്ട്രക്ഷൻ, കൊടിവിള വീട്, ഞാവേലിക്കോണം, കിളിമാനൂർ പി.ഒ., തിരുവനന്തപുരം ആണ് ഏറ്റെടുത്തിട്ടുള്ളത്. ഇതുവരെ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ജി. | പണി ഏറ്റെടുത്ത കരാറുകാരൻ പണി പൂർത്തിയാക്കാൻ വിസമ്മതിച്ച് കോടതിയിൽ കേസ് ഫയൽ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ; | ജി. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന്റെ പെറ്റിഷൻ തീർപ്പാക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് കോടതി ആവശ്യപ്പെടുകയും 5-7-2011-ലെ ഇ.എൻ.ജി.ജി.-1459/2011/കെ.എസ്.ആർ.ആർ.ഡി.എ. പ്രകാരം കരാറുകാരന്റെ പരാതിയിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ ചെയ്ത പണികളുടെ ബില്ല് പുതുതായി അളവെടുത്ത് തയ്യാറാക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എച്ച്. | പ്രസ്തുത പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ടോ ; | എച്ച്. | നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഐ. | പ്രസ്തുത റോഡുപണികളിൽ എന്തെങ്കിലും പിഴവുകൾ പറ്റിയിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് പണികൾ പൂർത്തിയാക്കാൻ നിർദ്ദേശിക്കുമോ ; | ഐ. | പിഴവുകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ജെ. | പണി നടത്താൻ ഭരണ-സാങ്കേതിക അനുമതി നല്കുന്ന ഏജൻസികൾ ഇക്കാര്യത്തിൽ അവലംബിക്കുന്ന കൃത്യവിലോപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ജെ. | ഉണ്ട്. ബില്ല് തയ്യാറാക്കിയതിലെ പിഴവുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കെ. | തദ്ദേശഭരണ ഭാരവാഹികളെ വിളിച്ച് ചേർത്ത് പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ? | കെ. | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

[illegible]

[illegible]

| റോഡിന്റെ പേര് | അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (മൂന്ന് പ്രവർത്തികൾക്കും കൂടി) |
|---|---|---|
| നഗരൂർ ഇരാണിമുക്ക് | 1,27,88,763 | 1,37,84,460 ക. |
| മലയമഠം | 11,566,754 | |
| കട്ടുവെട്ടി കൈലാസം കുന്ന് | 1,26,39,341 | |

സെക്ഷൻ ഓഫീസർ